ഒറ്റയ്ക്ക് നിൽക്കുന്ന സ്ത്രീയ്ക്ക് ഒരു പക്ഷേ ഒന്നും ചെയ്യാനാകില്ല. എന്നാൽ ഒരു കൂട്ടം സ്ത്രീകളായാലോ? അവർക്ക് എന്തും ചെയ്യാനാവും എന്ന് തെളിയിച്ച കുടുംബശ്രീ മറ്റൊരു വിജയഗാഥ കൂടി രചിക്കുന്നു – കൊച്ചി മെട്രോയിലൂടെ.

സംസ്ഥാന ഗവൺമെന്റും, കൊച്ചി മെട്രോ റെയിൽ ലിമിറ്റഡും ചേർന്ന്, കൊച്ചി മെട്രോയിലെ വിവിധ സേവന മേഖലകളിലേക്ക് കുടുംബശ്രീയെ തെരഞ്ഞെടുത്ത് ധാരണാപത്രം ഒപ്പുവച്ചത് ചരിത്രത്തിലെ നാഴികക്കല്ലായി. ഒപ്പം നാളിതുവരെ ഏറ്റെടുത്ത പ്രവർത്തനങ്ങളിൽ ഏറ്റവും വെല്ലുവിളി നിറഞ്ഞതെന്ന ബോദ്ധ്യവും. ചവർ വാരുന്ന സ്ത്രീകൾ എന്ന നിലയിൽ നിന്ന് സങ്കീർണ്ണമായ ജോലികൾ ചെയ്യാൻ കഴിയുന്നവരെന്ന കാഴ്ചപ്പാടിലേയ്ക്ക് സമൂഹത്തിന്റെ ചിന്താഗതിയെ മാറ്റാനുള്ള അവസരം, കുടുംബശ്രീയിലെ സ്ത്രീകളുടെ ശക്തിയിലുള്ള വിശ്വാസം – ഇവയാണ് ഈ വെല്ലുവിളി ഏറ്റെടുക്കാൻ പ്രചോദനമായത്.

എന്തായിരിക്കും കുടുംബശ്രീ നിർവ്വഹിക്കേണ്ട ഉത്തരവാദിത്വം?ToM, EFO മുതലായവ കൊണ്ടുദ്ദേശിക്കുന്നതെന്ത്? ധാരാളം ചോദ്യങ്ങളാണ് മനസ്സിൽ. ബാംഗ്ലൂർ, ഡൽഹി മെട്രോകൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ മനസ്സിലാക്കാൻ എക്സിക്യൂട്ടീവ് ഡയറക്ടർ നിർദ്ദേശിച്ചു. ഈ സന്ദർശനത്തിൽ കൊച്ചി മെട്രോയിലെ സീനിയൽ ഉദ്യോഗസ്ഥനും കൂടെ വന്ന് കാര്യങ്ങൾ വിശദീകരിച്ചു തന്നത് ഏറെ ആശ്വാസമായി. ആശങ്കകൾ അകന്നു. നമുക്കിത് ചെയ്യാൻ പറ്റും എന്ന് വിശ്വാസമായി. കാര്യങ്ങൾ ധൃതഗതിയിലായി.

2017 ജനുവരി 24 ന് നോട്ടിഫിക്കേഷൻ പുറത്തിറക്കണമെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ നിർദ്ദേശിച്ചു. നിരാശ്രയരും, നിരാലംബരുമായ സ്ത്രീകൾക്ക് മുൻഗണന നൽകാം എന്ന് ധാരണയായി. മെട്രോ നിർമ്മാണത്തിനായി കുടിയൊഴിപ്പിക്കപ്പെട്ടവർ, ആശ്രയ കുടുംബത്തിലെ അംഗങ്ങൾ, അതിക്രമങ്ങൾക്കിരയായ സ്ത്രീകൾ, സ്ഥിരം ജീവനോപാധിയില്ലാതെ ഭക്ഷണത്തിന് വകകണ്ടെത്താൻ മറ്റാരുമില്ലാത്ത കുടുംബം,

ശാരീരിക/മാനസിക വെല്ലുവിളികൾ നേരിടുന്ന അംഗങ്ങളുള്ള കുടുംബങ്ങൾ, എസ് സി/എസ് റ്റി/മത്സ്യബന്ധനത്തൊഴിലാളി വിഭാഗം, കുടുംബശ്രീ മുഖേന നൈപുണ്യ പരിശീലനം ലഭിച്ചവർ ഇവർക്ക് മുൻഗണന നൽകി നിശ്ചയിച്ച ദിവസം തന്നെ ജില്ല യിലെ എല്ലാ പത്രങ്ങളിലും നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു. ഏകദേശം 15000 അപേക്ഷകളാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ 40000 ൽ പരം അപേക്ഷകളാണ് 2017 ഫെബ്രുവരി 10 നുള്ളിൽ ലഭിച്ചത്. പലപ്പോഴും ജില്ലാമിഷൻ ഓഫീസിന്റെ വരാന്ത നിറഞ്ഞു കവിഞ്ഞു. അപേക്ഷാഫോം ഇടുന്ന പെട്ടികൾ ഓരോ മണിക്കൂറിലും മാറ്റേണ്ട അവസ്ഥ. സി ഡി എസ് ഓഫീസുകളിലും തിരക്ക്. കാരണം കുടുംബശ്രീ അംഗം/കുടുംബാംഗം എന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് നൽകുന്നത് സി ഡി എസ് ചെയർപേഴ്സണാണ്. പലപ്പോഴും ആളുകളെ വകഞ്ഞു മാറ്റി വേണംസി ഡി എസ് ഓഫീസിൽ പ്രവേശിക്കാൻ എന്ന സ്ഥിതി. എങ്കിലും ഈ തിരക്ക് ചെയർപേഴ്സണും സംഘാംഗങ്ങളും ആസ്വദിച്ചു എന്നാണ് അറിയാൻ കഴിഞ്ഞത്. കാരണം നാളിതുവരെ സി ഡി എസ് ഓഫീസിനെ അവജ്ഞയോടെ കണ്ടിരുന്ന പലരുടേയും കണ്ണുകളിൽ ആദരവ്. കുടുംബശ്രീയിൽ ചേർന്നാലേ ഇനി വല്ല ജോലിയും ലഭിക്കൂ എന്ന് നാട്ടി ലാകെ സംസാരം.

അപേക്ഷകൾ സ്വീകരിച്ച തീയതി മുതൽ ഡാറ്റ എൻട്രിക്കുള്ള ഒരുക്കങ്ങളും തുടങ്ങി. കുടുംബശ്രീ സഹായക സംവിധാനങ്ങളിലെ അംഗങ്ങൾ, സ്നേഹിതയിലെ ജോലിക്കാർ, മിഷൻ ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് അപേക്ഷകൾക്ക് നമ്പറിടുക യും, 100 വീതമുള്ള കെട്ടുകളാക്കി ഡാറ്റ എൻട്രിക്ക് വേണ്ടി സജ്ജമാക്കുകയും ചെയ്തു. ഐ.ടി യൂണിറ്റുകൾ, കുടുംബശ്രീ സി ഡി എസ് ഓഫീസുകളിൽ അക്കൗ ണ്ടന്റുമാർ, സ്നേഹിതയിൽ ഡാറ്റ എൻട്രി ഓപ്പറേറ്റർമാർ, രാജഗിരി ഡി ഡി യു ജി കെ വൈ കമ്പ്യൂട്ടർ സെന്ററിൽ ബ്ലോക്ക് കോ-ഓർഡിനേറ്റർമാർ, ജില്ലാമിഷനിലെ കമ്പ്യൂട്ടർ റൂമുകളിൽ മിഷൻ ഉദ്യോഗസ്ഥർ എല്ലാവരും ഒറ്റക്കെട്ടായി അണി നിരന്ന് ചുരുങ്ങിയ ദിവസങ്ങൾ കൊണ്ട് ഡാറ്റ എൻട്രി ജോലികൾ പൂർത്തീകരിച്ചു. അപ്പോ

ഴേക്കും പരീക്ഷാ നടത്തിപ്പ് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന ഏജൻസിയെ സംസ്ഥാനമിഷൻ ഏൽപ്പിച്ചിരുന്നു.

പരീക്ഷാ നടത്തിപ്പിനെപ്പറ്റിയായി അടുത്ത ആലോചനകൾ. പൂർണ്ണ സ്വാതന്ത്ര്യ വും, നിർദ്ദേശങ്ങളും നൽകി കൂടെ നിന്ന് പിന്തുണയേകി എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ ഹരികിഷോർ സർ. പരീക്ഷാ കേന്ദ്രങ്ങൾ കണ്ടെത്താനുള്ള അന്വേഷണം എങ്ങു മെത്തുന്നില്ല. വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ സഹായത്തിനെത്തി. ജില്ലയുടെ വിവിധ ഭാഗങ്ങളിലെ 92 സ്കൂളുകളിൽ രാവിലെയും ഉച്ചതിരിഞ്ഞും രണ്ട് ക്യാറ്റഗറിക ളിലായി പരീക്ഷ നടത്താൻ തീരുമാനിച്ചു. 8 മുതൽ 10 വരെയുള്ളവർ ക്യാറ്റഗറി 1. പ്ലസ്ടു, ഡിഗ്രിക്കാർ കാറ്റഗറി 2.

ഹാൾടിക്കറ്റ് വിതരണമാണ് അടുത്ത കടമ്പ. അവിടെയും സി ഡി എസ് സംവി ധാനം തുണയായി. 5 ദിവസങ്ങൾ കൊണ്ട് ഹാൾടിക്കറ്റ് വിതരണം പൂർത്തിയാക്കി. ഉദ്യോഗാർത്ഥികൾ സി ഡി എസിൽ രാത്രിയോളം ക്യൂ നിന്നാണ് ഹാൾടിക്കറ്റ് കൈപ്പ റ്റിയത്.

പരീക്ഷാ നടത്തിപ്പ് ജില്ലാകളക്ടറുമായി ചർച്ച ചെയ്തു. പരീക്ഷാ പേപ്പറുകൾ കളക്ടറുടെ ക്യാമ്പോഫീസിൽ സൂക്ഷിക്കാൻ അനുവാദം നൽകി. പരീക്ഷാ കേന്ദ്രങ്ങ ളിൽ ആവശ്യമെങ്കിൽപോലീസ് സഹായം ഉറപ്പാക്കാൻ പോലീസ് അധികാരികൾക്ക് കത്ത് നൽകി. ഞായറാഴ്ച പരീക്ഷ നടത്താൻ വിസമ്മതം പ്രകടിപ്പിച്ച സ്കൂൾ അധി കാരികളുമായി സംസാരിച്ച് തടസ്സങ്ങൾ മാറ്റി.

ജില്ലാമിഷനിലെ എല്ലാ തലങ്ങളിലുമുള്ള ഉദ്യോഗസ്ഥർ 92 സ്ക്വാഡുകളായി തിരിഞ്ഞ് പരീക്ഷാ ചുമതല ഏറ്റെടുത്തു.സ്കൂളുകളിൽ നമ്പറിടലും, ഇൻവിജിലേ റ്റർമാർക്ക് നിർദ്ദേശം നൽകലും, ചോദ്യപേപ്പറുകളും, ഒ.എം.ആർ ഷീറ്റുകളും കളക്ട റുടെ ക്യാമ്പിൽ നിന്നും പരീക്ഷാ കേന്ദ്രങ്ങളിലേക്കും തിരിച്ച് എത്തിക്കലും എല്ലാം പി എസ് സി പരീക്ഷകളുടെ കൃത്യതയോടെ ചെയ്തു. 2017 ഫെബ്രുവരി 26 ഞായ

റാഴ്ച അർദ്ധരാത്രിയോടെ ചോദ്യ പേപ്പറുകളും ഉത്തരക്കടലാസുകളുമായി CMD യുടെ വണ്ടി യാത്രയായി.

നോട്ടിഫിക്കേഷൻ വന്ന അന്നു മുതൽ പരീക്ഷ തീരുന്നതു വരെ കുടുംബശ്രീ ജില്ലാമിഷന്റെ കലണ്ടറിൽ അവധി ദിനങ്ങളുണ്ടായിരുന്നില്ല. വെളുപ്പിനെ ആരംഭിക്കുന്ന പ്രവൃത്തി ദിനങ്ങൾ അർദ്ധരാത്രിയിലും അതിനു ശേഷവും നീണ്ടു. മിഷന്റെ അന്ത:സത്ത പൂർണ്ണമായും ഉൾക്കൊണ്ട് ഒരേ മനസ്സോടെ പ്രവർത്തിച്ചതിനാൽ കാര്യമായ പരാതികളൊന്നുമില്ലാതെ ഈ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനായി.

3 ദിവസങ്ങൾക്കുള്ളിൽ CMD മൂല്യനിർണ്ണയം പൂർത്തിയാക്കി. ഇതിനൊടൊപ്പം മുൻഗണന മാർക്കും നൽകി റാങ്ക് ലിസ്റ്റ് തയ്യാറാക്കി. രണ്ട് കാറ്റഗറികളിലുമായി 1077 പേരുടെ ചുരുക്കപ്പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിച്ചു.

കൊച്ചിൻ യൂണിവേഴ്സിറ്റിയിലെ മാനേജ്മെന്റ് വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഇന്റർവ്യൂ പാനൽ രൂപീകരിച്ചു. ഫെബ്രുവരി 7,8,9 തീയതികളിലായി ഇന്റർവ്യൂ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ഓരോ ഘട്ടത്തിലും മെട്രോയുടെ ഉദ്യോഗസ്ഥർ മേൽ നോട്ടത്തിനായി ഉണ്ടായിരുന്നു. ഓരോരുത്തരുടെയും സർട്ടിഫിക്കറ്റുകൾ പരിശോധിച്ച് KMRL ന് കൈമാറി. അവരുടെ പരിശോധനകൾക്കും ശേഷമാണ് നിയമനത്തിനായി അംഗീകാരം ലഭിക്കുന്നത്.

പരിശീലനമാണ് അടുത്തഘട്ടം മൈൻഡ്സ് എന്ന പരിശീലന ഏജൻസിയായിരുന്നു പരിശീലകർ. എടത്തല ശാന്തിഗിരി, ആലുവ YMCA എന്നിവിടങ്ങളിൽ വച്ച് 9 ബാച്ചുകളിൽ പരിശീലനം നൽകി. നല്ല മനോഭാവവും, ആത്മവിശ്വാസവും ഉദ്യോഗാർത്ഥികളിൽ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് പരിശീലനം നൽകിയത്. പരിശീലനത്തിനു വന്ന ആളുകളായല്ല പരിശീലനശേഷം അവർ മടങ്ങിയത്. മെട്രോയുടെ പ്രവർത്തനങ്ങളിൽ ഇവരുടെ സഹകരണവും, പ്രവർത്തനവും

പരിശീലനത്തിന്റെ വിജയം വിളിച്ചോതുന്നു. KMRL എക്സിക്യൂട്ടീവ് ഡയറക്ടർ അടക്കം ഇവരുടെ പ്രവർത്തനങ്ങളിൽ കാണിക്കുന്ന തൃപ്തി ഈ പരിശീലനത്തിന്റെ വിജയം തന്നെയാണ്.

KMRL നൽകുന്ന സുരക്ഷാ പരിശീലനവും സാങ്കേതിക പരിശീലനവും പൂർത്തിയാക്കി 530 ഓളം പേർ ജോലിയിൽ പ്രവേശിച്ചു കൊണ്ടിരിക്കുന്നു. ആലുവ–പാലാരിവട്ടം മെട്രോ യാത്രയ്ക്കായി, സ്റ്റേഷനിൽ പ്രവേശിക്കുമ്പോൾ മുതൽ പുഞ്ചിരിയോടെ കുടുംബശ്രീ വനിതകൾ ഒപ്പമുണ്ട്.

ഏറെ മുന്നേറാനുണ്ട് ഇനിയും. എങ്കിലും തിരിഞ്ഞു നോക്കുമ്പോൾ കഴിഞ്ഞ പ്രവർത്തനങ്ങൾ തികഞ്ഞ ചാരിതാർത്ഥ്യം നൽകുന്നു.

Tanie Thomas
District Mission Coordinator
Kudumbashree, Ernakulam